**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പ് സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സംരംഭകർക്കായി എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സാങ്കേതിക പഠനം നടത്തി നിലവിലുള്ള ലൈനുകളും സബ് സ്റ്റേഷനുകളും ശേഷി ഉയർത്തുന്ന പ്രവർത്തനങ്ങളും പുതിയ ലൈനുകളും സബ് സ്റ്റേഷനുകളും നിർമ്മിക്കുന്ന പ്രവർത്തികളും സ്വീകരിച്ചു വരുന്നു.<br><br>Ease of Doing Business" പദ്ധതിയുടെ ഭാഗമായി ഓൺലൈൻ അപേക്ഷാ സംവിധാനം വഴി ത്വരിത-ഗതിയിലുള്ള വൈദ്യുതി കണക്ഷൻ ചെറുകിട വ്യവസായങ്ങൾക്ക് സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷൻ നൽകി വരുന്നു.<br><br>ചെറുകിട വൻകിട വ്യവസായങ്ങൾക്കു കണക്ഷന് വേണ്ടി അപേക്ഷിക്കുമ്പോൾ, ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്കു പ്രാപ്തിയുണ്ടോയെന്നു പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും, അല്ലാത്തപക്ഷം വൈദ്യുതി ശൃംഖലയെ ശക്തിപ്പെട്ടുത്തുവാൻ വേണ്ടിവരുന്ന ചെലവ് അപേ ക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.നു വേണ്ട പ്രവൃത്തി നടത്തിയതിനു ശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വ്യവസായങ്ങൾക്കു HT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടി കൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്പ്രൂവൽ / എനെർജിസേഷൻ അപ്പ്രൂവൽ എന്നിവ കൂടി പരിശോധിച്ചു വൈദ്യുതി കണക്ഷൻ നൽകിവരുന്നു. |

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്ന വോൾട്ടേജ് പരിധി പാലിക്കുന്നതിനായി ദ്യുതി 1,2 പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾ നടത്തിവരുന്നു. ദ്യുതി 2 പദ്ധതിയിൽ മാത്രം വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 2022 -27 വരെ നടപ്പിലാ ക്കാനായി 4396 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നാളിതുവരെ 1435 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാനത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങളെ (MSMEs) പ്രോത്സാഹിപ്പിക്കുന്നതിനായി സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേയ്ക്ക് വാങ്ങുമ്പോൾ നിലവിലുള്ള വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പർച്ചേയ്സ് പ്രിഫറൻസ് / പ്രൈസ് പ്രിഫറൻസ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ, നമ്മുടെ രാജ്യത്തിലെ എല്ലാ ചെറുകിട വ്യവസായ സംരംഭ ങ്ങൾക്കും സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേയ്ക്ക് വാങ്ങുന്നതിനായുള്ള ദർഘാസിൽ പങ്കെടുക്കുന്നവർക്ക് ദർ ഘാസ് തുകയും നിരതദ്രവ്യവും ഒടുക്കുന്നത് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

ഇതിന് പുറമെ 2025-26 സാമ്പത്തിക വർഷം കണ്ടക്ടറുകളും, പി.എസ്.സി. പോളുകളും നിർമ്മിക്കുന്ന കേരളത്തിലെ ചെറുകിട സംരംഭകർക്ക് കോവിഡാനന്തര കാലത്തെ പ്രതിസന്ധികൾ തരണം ചെയ്ത് ദർഘാസിൽ പങ്കെടുത്ത് യോഗ്യത നേടുന്നതിനായി സാമ്പത്തിക ഭദ്രതയും (Solvency) വിറ്റുവരവും (Turnover) സംബന്ധിച്ച വ്യവസ്ഥകളിൽ കെ.എസ്. ഇ.ബി ലിമിറ്റഡ് ഇളവുകൾ ചെയ്തിട്ടുണ്ട്.

എല്ലാത്തരം വ്യവസായ സംരംഭങ്ങൾക്കും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 10 കിലോവാട്ടിനു താഴെ കണക്ടഡ് ലോഡ് ഉള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഏറ്റവും കുറവ് ഫിക്സഡ് ചാർജ് ഈടാക്കുന്ന രണ്ട് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഹിമാചൽ പ്രദേശിൽ പ്രതിമാസം 155 രൂപ ഫിക്സഡ് ചാർജ് ഈടാക്കുമ്പോൾ കേരളത്തിൽ 140 രൂപ മാത്രം ഈടാക്കുന്നു.

നിലവിൽ **20** കിലോ വാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോ ക്താക്കൾക്ക് പകൽ സമയത്ത് അവരുടെ വൈദ്യുതി ചാർജിൽ **10** ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്**.** പകൽ സമയത്ത്

| | | | |
|---|---|---|---|
| | | | കൂടുതൽ ഉപഭോഗം ഉള്ളതിനാൽ പ്രതിമാസം ഏകദേശം ശരാശരി **650** രൂപ വരെ വൈദ്യുതി ചാർജിൽ ലാഭിക്കാൻ കഴിയുന്നുണ്ട്.<br><br>കൂടാതെ 5 എച്ച് പി/ 4 കിലോവാട്ട് വരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വ്യാവസായിക സംരംഭകർക്ക് പ്രത്യേക കണക്ഷൻ എടുക്കാതെ തന്നെ, ഉൽപാദന പ്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ (industrial load) ഗാർഹിക കണക്ഷനിൽ കണക്ട് ചെയ്ത് ഗാർഹിക താരിഫിൽ തന്നെ ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വോൾട്ടേജ് വ്യതിയാനം വരാത്ത വിധത്തിൽ വൈദ്യുതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക പഠനം നടത്തി നിലവിലുള്ള ലൈനുകളും സബ് സ്റ്റേഷനുകളും ശേഷി ഉയർത്തുന്ന പ്രവർത്തനങ്ങളും പുതിയ ലൈനുകളും സബ് സ്റ്റേഷനുകളും നിർമ്മിക്കുന്ന പ്രവർത്തികളും സ്വീകരിച്ച് വരുന്നു.<br><br>Ease of Doing Business" പദ്ധതിയുടെ ഭാഗമായി ഓൺലൈൻ അപേക്ഷാ സംവിധാനം വഴി ത്വരിത-ഗതിയിലുള്ള വൈദ്യുതി കണക്ഷൻ ചെറുകിട വ്യവസായങ്ങൾക്ക് സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷൻ നൽകി വരുന്നു.<br><br>ചെറുകിട വൻകിട വ്യവസായങ്ങൾക്കു കണക്ഷന് വേണ്ടി അപേക്ഷിക്കുമ്പോൾ, ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്ക് പ്രാപ്തിയുണ്ടോയെന്ന് പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും, അല്ലാത്തപക്ഷം വൈദ്യുതി ശൃംഖലയെ ശക്തിപ്പെടുത്തുവാൻ വേണ്ടിവരുന്ന ചെലവ് അപേ ക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ കെ.എസ്.ഇ.ബി.എൽ.നു വേണ്ട പ്രവൃത്തി നടത്തിയതിനു ശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വ്യവസായങ്ങൾക്കു HT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടി കൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ / എനെർജിസേഷൻ അപ്രൂവൽ എന്നിവ കൂടി പരിശോധിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.<br><br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്ന വോൾട്ടേജ് പരിധി പാലിക്കുന്നതിനായി ദ്യുതി 1,2 പദ്ധതികളിൽ |

ഉൾപ്പെടുത്തി വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾ നടത്തിവരുന്നു. ദ്യുതി 2 പദ്ധതിയിൽ മാത്രം വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 2022 -27 വരെ നടപ്പിലാ ക്കാനായി 4396 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നാളിതുവരെ 1435 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാനത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങളെ (MSMEs) പ്രോത്സാഹിപ്പിക്കുന്നതിനായി സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേയ്ക്ക് വാങ്ങുമ്പോൾ നിലവിലുള്ള വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പർച്ചേയ്സ് പ്രിഫറൻസ് / പ്രൈസ് പ്രിഫറൻസ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ, നമ്മുടെ രാജ്യത്തിലെ എല്ലാ ചെറുകിട വ്യവസായ സംരംഭങ്ങൾക്കും സാധന സാമഗ്രികൾ വൈദ്യുതി ബോർഡിലേയ്ക്ക് വാങ്ങുന്നതിനായുള്ള ദർഘാസിൽ പങ്കെടുക്കുന്നവർക്ക് ദർ ഘാസ് തുകയും നിരതദ്രവ്യവും ഒടുക്കുന്നത് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

ഇതിന് പുറമെ 2025-26 സാമ്പത്തിക വർഷം കണ്ടക്ടറുകളും, പി.എസ്.സി. പോളുകളും നിർമ്മിക്കുന്ന കേരളത്തിലെ ചെറുകിട സംരംഭകർക്ക് കോവിഡാനന്തര കാലത്തെ പ്രതിസന്ധികൾ തരണം ചെയ്ത് ദർഘാസിൽ പങ്കെടുത്ത് യോഗ്യത നേടുന്നതിനായി സാമ്പത്തിക ഭദ്രതയും (Solvency) വിറ്റുവരവും (Turnover) സംബന്ധിച്ച വ്യവസ്ഥകളിൽ കെ.എസ്. ഇ.ബി ലിമിറ്റഡ് ഇളവുകൾ ചെയ്തിട്ടുണ്ട്.

എല്ലാത്തരം വ്യവസായ സംരംഭങ്ങൾക്കും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 10 കിലോവാട്ടിനു താഴെ കണക്ടഡ് ലോഡ് ഉള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഏറ്റവും കുറവ് ഫിക്സഡ് ചാർജ് ഈടാക്കുന്ന രണ്ട് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഹിമാചൽ പ്രദേശിൽ പ്രതിമാസം 155 രൂപ ഫിക്സഡ് ചാർജ് ഈടാക്കുമ്പോൾ കേരളത്തിൽ 140 രൂപ മാത്രം ഈടാക്കുന്നു.

നിലവിൽ **20** കിലോ വാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ലോ ടെൻഷൻ വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോ ക്താക്കൾക്ക് പകൽ സമയത്ത് അവരുടെ വൈദ്യുതി ചാർജിൽ **10** ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്**.** പകൽ സമയത്ത് കൂടുതൽ ഉപഭോഗം ഉള്ളതിനാൽ പ്രതിമാസം ഏകദേശം ശരാശരി **650** രൂപ വരെ വൈദ്യുതി ചാർജിൽ ലാഭിക്കാൻ കഴിയുന്നുണ്ട്**.**

| | | | |
|---|---|---|---|
| | | | കൂടാതെ 5 എച്ച് പി/ 4 കിലോവാട്ട് വരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യാവസായിക സംരംഭകർക്ക് പ്രത്യേക കണക്ഷൻ എടുക്കാതെ തന്നെ, ഉൽപാദന പ്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ (industrial load) ഗാർഹിക കണക്ഷനിൽ കണക്ട് ചെയ്ത് ഗാർഹിക താരിഫിൽ തന്നെ ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ